**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2020** **15.07.2016 ന് മറുപടിയ്ക്ക്**

**ലഹരി മാഫിയ വ്യാപകമാകുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി മാഫിയ വ്യാപകമായി മയക്കുമരുന്ന് വിതരണം ചെയ്യുന്നതായിട്ടുള്ള മാദ്ധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി) യൂണിറ്റുകൾ, എൻ.എസ്.എസ്. യൂണിറ്റ്, സ്കൗട്ട്സ്, എൻ.സി.സി യൂണിറ്റ് തുടങ്ങിയവ എല്ലാ സ്കൂളുകളിലും നിർബന്ധമാക്കുകയും ആയതിലൂടെ സമഗ്രമായ ബോധവൽകരണ പ്രക്രിയ നടപ്പിലാക്കുകയും ചെയ്യുന്ന കർമ്മ പരിപാടിക്ക് രൂപം നൽകുമോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | എക്സൈസ് വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കേരളത്തിലെ 1735 സ്കൂളുകളിലും, 261 കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ടി ക്ലബ്ബുകളിലൂടെ ലഹരിക്കെതിരെ വ്യാപകമായ ബോധവത്ക്കരണ പരിപാടികൾ വിദ്യാർത്ഥികൾക്കിടയിലും, യുവജനങ്ങൾക്കിടയിലും, നടപ്പിലാക്കി വരുന്നു. കൂടാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി) യൂണിറ്റുകളുമായും, നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളുമായും ചേർന്ന് എക്സൈസ് വകുപ്പ് സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിക്കെതിരെ ശക്തമായി പ്രവർത്തിക്കുന്നുണ്ട്.<br>സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനായി വളരെ ശക്തമായ പരിപാടികളാണ് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നത്.<br>ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വ്യാപകമായ ബോധവത്ക്കരണ പരിപാടികളും നടത്തി വരുന്നു. ലഹരിക്കെതിരെയുള്ള ബോധവത്ക്കരണത്തിന്റെ ഭാഗമായി കൂട്ട ഓട്ടം, ചിത്ര രചന, നാടകം, പ്രസംഗമത്സരം, ഫിലിംഷോ, മാജിക് ഷോ, സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, ക്വിസ്സ് മത്സരം എന്നിവ നടത്തി വരുന്നു. സ്കൂൾ പരിസരങ്ങളിൽ ലഹരി വില്പനക്കെതിരെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും സഹായത്തോടെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂളുകൾക്ക് സമീപമുള്ള കച്ചവട സ്ഥാപനങ്ങളിലൂടെ ലഹരി വസ്തുക്കൾ വില്പന നടത്തു ന്നതിനെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സ്കൂൾ-കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് പട്രോളിംഗ് ഊർജ്ജിതമാക്കുന്നതിന് എല്ലാ ഡിവിഷനുകളിലും കർശന നിർദ്ദേശം നൽകി യിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്ന സ്കൂളുകളിൽ വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും, അധ്യാപകർക്കും പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ ലഹരിക്കെതിരെയുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനായി പരാതിപ്പെട്ടികൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഒരു മാസത്തിനകം 2000 സ്കൂളുകളിൽ ഇവ സ്ഥാപിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**